ഭാരതീയ റിസർവ് ബാങ്ക്
വാർത്താ വിനിമയ വിഭാഗം
കേന്ദ്ര ഓഫീസ്, മുംബൈ-400001

ഒക്ടോബർ 06, 2017

**സുവർണ്ണ കടപത്ര പദ്ധതി**

ഭാരതീയ റിസർവ് ബാങ്ക് ഭാരത സർക്കാരുമായി കൂടിയാലോചിച്ച് സുവർണ കടപത്രം പുറപ്പെടുവിക്കുവാൻ തീരുമാനിച്ചിരിക്കുന്നു. കടപ്പത്രത്തിനുള്ള അപേക്ഷകൾ 2017 ഒക്ടോബർ 09 മുതൽ ഡിസംബർ 27 വരെ സ്വീകരിക്കുന്നതാണ്. ഓരോ സബ്സ്ക്രിപ്ഷൻ കാലാവധിയും അവസാനിച്ചതിന് ശേഷമുള്ള ആദ്യത്തെ തിങ്കളാഴ്ച ബോണ്ടുകൾ വിതരണം ചെയ്യുന്നതാണ്. ബാങ്കുകൾ, സ്റ്റോക്ക് ഹോൾഡിങ് കോർപറേഷൻ, നിർദ്ദിഷ്ട തപാൽ ഓഫീസുകൾ, നാഷണൽ സ്റ്റോക്ക് എക്സ്ചേഞ്ച്, ബോംബെ സ്റ്റോക്ക് എക്സ്ചേഞ്ച് എന്നീ അംഗീകൃത സ്റ്റോക്ക് എക്സ്ചേഞ്ചുകൾ വഴി കടപ്പത്രങ്ങൾ വില്പന നടത്തുന്നതാണ്. കടപ്പത്രത്തിന്റെ സവിശേഷതകൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | ഇനം | വിശദാംശങ്ങൾ |
|---|---|---|
| 1 | ഉല്പന്നത്തിന്റെ പേര് | സുവർണ്ണ കടപത്രം |
| 2 | വിതരണം | ഭാരത സർക്കാറിന് വേണ്ടി ഭാരതീയ റിസർവ്വ് ബാങ്ക് വിതരണം ചെയ്യുന്നു. |
| 3 | അർഹത | ഭാരതത്തിൽ വസിക്കുന്ന വ്യക്തികൾ, HUF, ട്രസ്റ്റ്, സർവ്വകലാശാലകൾ, ധർമ്മ സ്ഥാപനങ്ങൾ |
| 4 | വില | ഒരു ഗ്രാം സ്വർണ്ണത്തിന്റെ വിലയും അതിന്റെ ഗുണിതങ്ങളും |
| 5 | കാലാവധി | കടപ്പത്രത്തിന്റെ കാലാവധി 8 വർഷമായിരിക്കും 5ാം വർഷം മുതൽ പദ്ധതിയിൽനിന്നും മാറാനുള്ള അവസരം പലിശ നൽകുന്ന തീയതിയിൽ ലഭ്യമാണ്. |
| 6 | ഏറ്റവും കുറഞ്ഞ നിക്ഷേപം | ഒരു ഗ്രാം സ്വർണ്ണത്തിന്റെ വിലയായിരിക്കും ഏറ്റവും കുറഞ്ഞ നിക്ഷേപം |
| 7 | കൂടിയ പരിധി | ഒരു സാമ്പത്തിക വർഷത്തിൽ (ഏപ്രിൽ - മാർച്ച്) ഒരു വ്യക്തിക്ക് 4 കിലോ ഗ്രാം, HUF ന് 4 കിലോ ഗ്രാം, ട്രസ്റ്റ്, സമാന സ്ഥാപനങ്ങൾ എന്നിവയ്ക്ക് 20 കിലോ ഗ്രാം എന്ന പരിധിയിൽ സർക്കാരിന്റെ സമയാസമയമുള്ള വിജ്ഞാപനത്തിന്റെ |

| | | |
|---|---|---|
| | | അടിസ്ഥാനത്തിൽ സ്വർണം വാങ്ങാവുന്നതാണ്. സർക്കാർ വിതരണം ചെയ്യുന്ന ബോണ്ടുകളും ഓഹരി കമ്പോളത്തിൽ നിന്നും വാങ്ങുന്നതും വാർഷിക പരിധിയിൽ വരുന്നതാണ്. |
| 8 | സംയുക്തമായി വാങ്ങാവുന്നത് | സംയുക്തമായി കൈവശം വയ്ക്കുന്ന വേളയിൽ 4 കിലോ ഗ്രാം സ്വർണ്ണമെന്ന പരിധി ആദ്യത്ത അപേക്ഷകനു മാത്രമേ ബാധകമാകൂ |
| 9 | വില | സബ്സ്ക്രിപ്ഷൻ കാലാവധിയ്ക്കു മുൻപുള്ള ആഴ്ചയിലെ അവസാന മൂന്നു ദിവസത്തെ 999പരിശുദ്ധിയുള്ള സ്വര്ണ്ണത്തിന്റെ വിലയുടെ(ഇന്ത്യ ബുള്ളിയൻ & ജ്വല്ലേഴ്സ് അസ്സോസിയേഷൻ പ്രസിദ്ധീകരിക്കുന്ന ദിവസാവസാന വില) ശരാശരി - ഇന്ത്യൻ രൂപയിൽ. ഓൺലൈൻ ആയി വരിക്കാരാവുകയും ഡിജിറ്റൽ ആയി പണം അടക്കുകയും ചെയ്യുന്നവർക്ക് ബോണ്ടിന്റെ വിലയിൽ 50 രൂപ ഇളവ് നൽകുന്നതായിരിക്കും |
| 10 | പണം നൽകുന്ന രീതി | 20,000 രൂപ വരെ പണമായും അതിൽ കൂടുതലുള്ള തുക ഡിമാന്റ് ഡ്രാഫ്റ്റ്/ ചെക്ക്/ ഇലക്ട്രോണിക് രീതി |
| 11 | വിതരണം ചെയ്യുന്ന രീതി | സുവർണ്ണ കടപത്രം സർക്കാർ കടപത്ര നിയമം 2006 പ്രകാരമാണ് പുറപ്പെടുവിക്കുന്നത്. നിക്ഷേപകർക്ക് ഒരു സർട്ടിഫിക്കറ്റ് നൽകുന്നതായിരിക്കും. കടപത്രങ്ങൾ ഡിമാറ്റ് രീതിയിൽ സൂക്ഷിക്കാവുന്നതാണ്. |
| 12 | കാലാവധിയിൽ ലഭിക്കുന്ന തുക | ഇന്ത്യ ബുള്ളിയൻ & ജ്വല്ലേഴ്സ് അസ്സോസിയേഷൻ പ്രസിദ്ധീകരിക്കുന്ന 999പരിശുദ്ധിയുള്ള സ്വര്ണ്ണത്തിന്റെ കഴിഞ്ഞ മൂന്നു ദിവസത്തെ ദിവസാവസാന വിലയുടെ ശരാശരി ആയിരിക്കും കാലാവധി എത്തുമ്പോൾ ഇന്ത്യൻ രൂപയിൽ മടക്കി നൽകുന്ന തുക |
| 13 | വില്പന ശൃംഖല | ബാങ്കുകൾ സ്റ്റോക്ക് ഹോൾഡിംഗ് കോർപ്പറേഷൻ ഓഫ് ഇന്ത്യ, നിർദ്ദിഷ്ട തപാൽ ഓഫീസുകൾ, അംഗീകൃത തപാൽ ഓഫീസുകൾ, അംഗീകൃത സ്റ്റോക്ക് എക്സ്ചേഞ്ചുകൾ എന്നീ സ്ഥലങ്ങളിൽ നിന്നും നേരിട്ടോ ഏജന്റ് മുഖേനയോ കടപത്രങ്ങൾ വില്ക്കുന്നതാണ്. |
| 14 | പലിശനിരക്ക് | നിക്ഷേപകർക്ക് പ്രതിഫലമായി മുഖവില യുടെ 2.50% വാർഷിക പലിശ വർഷത്തിൽരണ്ടുതവണയായി നൽകുന്നതാണ്. |
| 15 | ഈട് | വായ്പാ ആവശ്യത്തിന് സുവർണ്ണ കടപത്രം |

| | | |
|---|---|---|
| | | ഈടായി നൽകാവുന്നതാണ്. സാധാരണ സ്വർണ്ണ വായ്പയ്ക്ക് കണക്കാക്കുന്ന രീതിയിൽ LTVകണക്കാക്കേണ്ടതാണ്. |
| 16 | ഉപഭോക്താവിനെ തിരിച്ചറിയൽ | KYC യുടെ കാര്യത്തിൽ സ്വർണം വാങ്ങുമ്പോൾ പാലിക്കേണ്ട നടപടിക്രമം സുവർണ്ണ ബോണ്ട് വാങ്ങുമ്പോഴും പാലിക്കേണ്ടതാണ്. ഇലക്ഷൻ തിരിച്ചറിയൽ കാർഡ്, പാൻ/ടാൻ, ആധാർ കാർഡ്, പാസ്പോർട്ട് എന്നിവ ആവശ്യമാണ്. |
| 17 | നികുതി ബാദ്ധ്യത | വരുമാന നികുതി നിയമം 1961ലെ വകുപ്പുകൾ പ്രകാരം സുവർണ്ണ കടപത്ര ത്തിനു ലഭിക്കുന്ന പലിശക്ക് നികുതി നൽകേണ്ടതാണ്. കാലാവധി അവസാനിക്കുമ്പോൾ ലഭിക്കുന്ന ബോണ്ടിന്റെ തുകയ്ക്ക് മൂലധന നികുതി ബാധകമല്ല. പക്ഷേ കടപത്രം കൈമാറ്റം ചെയ്യുമ്പോൾ indexations benefit നൽകുന്നതാണ്. |
| 18 | വില്പന സാദ്ധ്യത | ഓഹരി കമ്പോളത്തിൽ ബോണ്ടുകൾ വില്പന നടത്താവുന്നതാണ്. ഓഹരി വിതരണം ചെയ്ത തീയതിക്ക് 15 ദിവസത്തിനു ശേഷം ഭാരതീയ റിസർവ് ബാങ്ക് അറിയിക്കുന്ന തീയതി മുതൽ ബോണ്ടുകളുടെ വാങ്ങലും വില്പനയും നടത്താവുന്നതാണ്. |
| 19 | SLR അർഹത | SLR ആവശ്യത്തിനായി സുവർണ്ണ ബോണ്ടുകൾ ഉപയോഗിക്കാവുന്നതാണ്. |
| 20 | കമ്മീഷൻ | ബാങ്കുകളിൽ ആകെ പിരിഞ്ഞുകിട്ടിയ തുകയുടെ 1% കമ്മീഷനായി നൽകുന്നതാണ്. അതിൽ നിന്നും കുറഞ്ഞത് 50% ഏജന്റിനോ സബ് ഏജന്റിനോ അവരിൽനിന്നും ലഭിച്ച ബിസിനസ്സിന് ആനുപാതികമായി നല്കാവുന്നതാണ്. |

അജിത്പ്രസാദ്

പത്രപ്രസ്താവന : 2017-2018/957

അസിസ്റ്റന്റ് അഡ്വൈസർ